ഉത്തരം

സ്റ്റോർ പർച്ചേസ് വിഭാഗം തയ്യാറാക്കിയിട്ടുള്ള നിയമാവലിയുടെ അടിസ്ഥാനത്തിലാണ് കെ.എസ്.ആർടി.സി. സാധന സാമഗ്രികൾ വാങ്ങുന്നത്.

കെ.എസ്.ആർ.ടി.സി. യുടെ കീഴിലുള്ള ഡിപ്പോകൾ

62 (1261) ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

കേരളത്തിൽ കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ എത്ര ട്രാൻസ്പോർട്ട് ഡിപ്പോകളും സബ് ഡിപ്പോകളും ഓപ്പറേറ്റീവ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട് ?

ഉത്തരം

ഡിപ്പോകൾ-31

സബ്ഡിപ്പോകൾ-38

ഓപ്പറേറ്റിംഗ് സെന്റർ-13

ഷെഡ്യൂളുകൾ നിർത്തലാക്കുന്ന നടപടി

63 (1262) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഷെഡ്യൂളുകൾ നിർത്തലാക്കലുകളാണ് കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ പൂട്ടാൻ കാരണമായത് എന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രൈവറ്റ് ബസ്സുകൾക്കാണ് സർവ്വീസ് അനുമതി നൽകിയത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തീരെ കളക്ഷൻ കുറവായ ചില ഷെഡ്യൂളുകളാണ് നിർത്തേണ്ടി വന്നിട്ടുള്ളത്. ഇത്തരം ഷെഡ്യൂളുകൾ നിർത്തലാക്കിയത് കാരണം ഒരു ഡിപ്പോയും പൂട്ടേണ്ടിവന്നിട്ടില്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പാലക്കാട്, പൊന്നാനി ഡിപ്പോകളിലെ കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവ്വീസുകൾ പുനരാംരംഭിക്കുവാൻ നടപടി

64 (1263) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്, പൊന്നാനി ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന കെ.എസ്.ആർ.ടി.സി. ഓർഡിനറി സർവ്വീസുകൾ ലാഭകരമായിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം സർവ്വീസുകൾക്ക് മുമ്പ് പുതുതായി പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ ;

(സി) പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയതിന്റെ ഭാഗമായി കെ.എസ്.ആആർ.ടി.സി. സർവ്വീസുകൾക്ക് കളക്ഷനിൽ കുറവ് വന്നിട്ടുണ്ടോ ;

(ഡി) കളക്ഷൻ കുറഞ്ഞതിന്റെ പേരിൽ ഇത്തരം ഷെഡ്യൂളുകൾ റദ്ദു ചെയ്തിട്ടുണ്ടോ ;

(ഇ) കെ.എസ്.ആആർ.ടി.സി. ജീവനക്കാരുടെ നിരുത്തരവാദപരമായ സമീപനത്തിന്റെ ഭാഗമായി നിർത്തൽ ചെയ്ത ഇത്തരം സർവ്വീസുകൾ പുനഃരാരംഭിക്കുമോ ?

ഉത്തരം

(എ) ഈ ഡിപ്പോകളിൽ നിന്നും ലാഭകരമായ ഓർഡിനറി സർവ്വീസുകളും നഷ്ടത്തിലോടുന്ന ഓർഡിനറി സർവ്വീസുകളും ഉണ്ടായിരുന്നു.

(ബി&സി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ തൊട്ടുമുമ്പായി പുതുതായി പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് അനുവദിച്ചിട്ടില്ല. ഈ പ്രദേശം ദേശസാൽക്കൃത മേഖലയിൽ അല്ലാത്തതിനാൽ ആർ.ടി.ഒ.മാർ പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നുണ്ട്. പ്രൈവറ്റ് ബസ് ഓടുമ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കളക്ഷനിൽ കുറവു വന്നിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ നിരുത്തരവാദപരമായ സമീപനത്തിന്റെ ഭാഗമായിട്ടല്ല സർവ്വീസുകൾ റദ്ദുചെയ്തത്. വരുമാനം തീരെ കുറഞ്ഞ നഷ്ടത്തിലോടുന്ന ചില സർവ്വീസുകൾ ആണ് റദ്ദു ചെയ്തത്. ഇവ പുനരാരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണനയിൽ ഇല്ല.

വടക്കാഞ്ചേരി സബ് ഡിപ്പോ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി

65 (1264) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ യാത്രാക്ലേശം ഇല്ലാതാക്കാൻ ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) വടക്കാഞ്ചേരി സബ് ഡിപ്പോ തുടങ്ങിയതുമുതൽ നാളിതുവരെ കളക്ഷനിൽ എത്രാമത്തെ സ്ഥാനമാണ് പ്രസ്തുത സബ് ഡിപ്പോയ്ക്ക് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) വടക്കാഞ്ചേരി സബ് ഡിപ്പോ പൂട്ടാൻ തീരുമാനിച്ചതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly